# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 128** **30-11-2015-ൽ മറുപടിയ്ക്ക്**

## ഓരോ വർഷവും നികുതി പിരിവിൽവന്ന വർദ്ധന

<table>
<tr><td></td><td>ചോദ്യം<br><br>ശ്രീ. കെ.അജിത് :</td><td></td><td>മറുപടി<br><br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി)</td></tr>
<tr><td>(എ)<br><br>(ബി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും നികുതി പിരിവിൽവന്ന വർദ്ധന വർഷം തിരിച്ച് വ്യക്തമാക്കുമോ;<br><br>ഓരോ വർഷവും നികുതിവർദ്ധന പ്രതീക്ഷിച്ചതും യഥാർത്ഥത്തിൽ ലഭിച്ചതും വർഷം തിരിച്ച് വ്യക്തമാക്കുമോ;</td><td>(എ)<br>&<br>(ബി)</td><td>സംസ്ഥാന തനത് നികുതി വിവരം<br>(തുക കോടി രൂപയിൽ)
<table>
<tr><th>വർഷം</th><th>പ്രതീക്ഷിച്ച വരുമാനം</th><th>ലഭിച്ച വരുമാനം</th><th>വർദ്ധനവ് (ശതമാനത്തിൽ)</th></tr>
<tr><td>2011-12</td><td>26641.53</td><td>25718.60</td><td>18</td></tr>
<tr><td>2012-13</td><td>32122.21</td><td>30076.61</td><td>17</td></tr>
<tr><td>2013-14</td><td>38771.10</td><td>31995.02</td><td>6</td></tr>
<tr><td>2014-15</td><td>42467.49</td><td>35232.50</td><td>10</td></tr>
</table></td></tr>
<tr><td>(സി)</td><td>നികുതി വർദ്ധന സർക്കാർ പ്രതീക്ഷിച്ചതുപോലെ ലഭിച്ചില്ല എങ്കിൽ ആയതിന് എന്തെല്ലാം കാരണങ്ങളായിരുന്നു എന്നും വ്യക്തമാക്കുമോ?</td><td>(സി)</td><td>രജിസ്ട്രേഷൻ വകുപ്പിൽ 2011-12 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷംവരെ ഓരോ സാമ്പത്തിക വർഷവും ആധാരങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവുള്ളതിനാൽ പ്രതീക്ഷിത വരുമാനം ലഭ്യമായിട്ടില്ല. കാർഷിക നാണ്യ വിളകൾക്കുണ്ടായ വിലയിടിവും റിയൽ എസ്റ്റേറ്റ് മേഖലയിലെ മാന്ദ്യവുമാണ് ആധാരങ്ങളുടെ എണ്ണത്തിൽ കുറവ് വരാൻ കാരണമായത്.<br><br>മോട്ടോർ വാഹന വകുപ്പിൽ 2011-12, 2012-13 വർഷങ്ങളിൽ പ്രതീക്ഷിച്ചതിനേക്കാൾ വരുമാനം ലഭിച്ചിട്ടുണ്ട്. എന്നാൽ 2013-14 വർഷത്തിൽ ടാർജറ്റ് 48% വും, 2014-15</td></tr>
</table>

| | | | |
|---|---|---|---|
| | | | വർഷത്തിൽ 21% വും വർദ്ധിപ്പിച്ചത് ശതമാനക്കണക്കിന് നികുതി വരുമാനം കുറയുന്നതിന് കാരണമായിട്ടുണ്ട്. പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ മുൻവർഷങ്ങളെ അപേക്ഷിച്ച് കുറവായതും പ്രതീക്ഷിത വരുമാനം നേടാനാകാത്തതിന് കാരണമായിട്ടുണ്ട്.<br><br>സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന 712 എഫ്.എൽ-3 ലൈസൻസുകൾ (ബാറുകൾ) നിർത്തലാക്കിയതും 78 എഫ്.എൽ-1 വിദേശമദ്യ ഔട്ട്‌ലറ്റുകൾ നിർത്തലാക്കിയതും എക്സൈസ് നികുതി വരുമാനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. 712 എഫ്.എൽ-3 ലൈസൻസുകൾ നിർത്തലാക്കിയതുമൂലം ലൈസൻസ് ഫീസിനത്തിൽമാത്രം എക്സൈസ് നികുതി വരുമാനത്തിൽ 163.76 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. കൂടാതെ പിഴയിനത്തിലുംമറ്റും ടി ലൈസൻസികളിൽ നിന്നും ലഭിച്ചിരുന്ന വരുമാനത്തിലും നഷ്ടം ഉണ്ടായിട്ടുണ്ട്.<br><br>എക്സൈസ് വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. ഇത്തരത്തിലുള്ള വരുമാനം വിദേശമദ്യ വില്പനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. നിലവിൽ മുൻവർഷങ്ങളിലെ വിദേശമദ്യ വില്പനയുമായി താരതമ്യം ചെയ്യുമ്പോൾ വളർച്ചാനിരക്കിൽ കുറവ് വന്നിട്ടുണ്ട്.<br><br>2012-13 സാമ്പത്തിക വർഷത്തിനുശേഷം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവില്പനയിൽ കുറവ് വന്നിട്ടുണ്ട്.<br><br>വാണിജ്യനികുതി വകുപ്പിൽ 31/03/2015 വരെയുള്ള കണക്കനുസരിച്ച് റബ്ബറിൽനിന്നുള്ള വരുമാനത്തിൽ 41% കുറവുണ്ടായിട്ടുണ്ട്. കൂടാതെ റബ്ബറിനെ 2014 ഡിസംബർ 20 മുതൽ 2015 മാർച്ച് 31 |

| | | | |
|---|---|---|---|
| | | | വരെ നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.<br><br>മോട്ടോർ വാഹനങ്ങളിൽനിന്നുള്ള നികുതി ഇനത്തിലും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽവന്ന കുറവും ബിറ്റുമെൻ, ഫർണസ് ഓയിൽ എന്നിവയുടെ വിൽപ്പനയിൽവന്ന കുറവും കാരണം എണ്ണക്കമ്പനികളിൽനിന്നും 8% വർദ്ധനവ് മാത്രമാണ് ഉണ്ടായിരുന്നത്.<br><br>സ്വർണ്ണത്തിന്റെ നികുതി പിരിവിൽ 3% കുറവ് സംഭവിച്ചിട്ടുണ്ട്. അരി, ഗോതമ്പ്, മൈദ, ആട്ട, സൂജി എന്നിവയെ നികുതിയിൽനിന്നും ഒഴിവാക്കിയതും നികുതി പിരിവ് കുറയുന്നതിനുള്ള ഒരു കാരണമാണ്. ചിക്കന്റെ നികുതിയിനത്തിലും ഉദ്ദേശിച്ച വളർച്ച കൈവരിക്കുവാൻ സാധിച്ചിട്ടില്ല. ബാർ ഹോട്ടലുകൾ അടച്ചതും നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിലും, വിൽപനയിൽവന്ന കുറവുമൂലം പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായിട്ടില്ല. വർക്സ് കോൺട്രാക്റ്റിന്റെ പിരിവിലും (പ്രധാനമായും പി.ഡബ്ല്യു.ഡി കോൺട്രാക്ടർമാരുടേത്) കുറവ് സംഭവിച്ചു. |

Jayash

സെക്ഷൻ ഓഫീസർ.